"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 - ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പൊതു പ്രവൃത്തി ടെൻഡർ വേളയിൽ മുൻഗണന കിട്ടുന്നതിനുള്ള വ്യവസ്ഥകളിൽ കോവിഡ് സാഹചര്യത്തിൽ പ്രത്യേക ഇളവ് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:-
1. 11/08/2017-ലെ സ ഉ (സാധാ) നം. 2780/2017/തസ്വഭവ നമ്പർ ഉത്തരവ്
2. കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റിവ് സൊസൈറ്റി അസോസിയേഷൻ പ്രസിഡന്റ് സമർപ്പിച്ച 02/12/2021 ലെ കത്ത്

**ഉത്തരവ്**

മേൽ സൂചന 2 ലെ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റിവ് സൊസൈറ്റി അസോസിയേഷൻ പ്രസിഡന്റ് ടെൻഡർ വേളയിൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് കിട്ടേണ്ട പ്രത്യേക ആനുകൂല്യങ്ങൾ (ഇ എം ഡി ഒഴിവാക്കൽ, 10% വരെ നിരക്ക് സ്വകാര്യ കോൺട്രാക്ടർമാരുടേതിനേക്കാൾ അധികമായാലും അംഗീകരിക്കൽ) പുതുതായി രൂപീകരിക്കപ്പെട്ട സംഘങ്ങൾക്ക് അനുവദിച്ചുകിട്ടാത്ത സ്ഥിതിയുണ്ട് എന്നും, അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടു മുൻവർഷത്തിൽ ഒരുകോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ സംഘങ്ങൾക്കേ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നും, പ്രാഥമിക അംഗീകാരത്തിന് പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ അടങ്കൽ തുകാപരിധി പ്രളയകാലത്ത് രണ്ടുവർഷവും കൂടി (2015-16, 2016-2017 വർഷങ്ങളിൽ) ആകെ ഒരുകോടി രൂപയാക്കി സൂചന 1 ലെ ഉത്തരവ് പ്രകാരം കുറച്ചിരുന്നുവെന്നും, അതേ ഇളവ് കോവിഡ് സാഹചര്യം കണക്കിലെടുത്ത് 2019-20, 2020-21 എന്നീ രണ്ടു വർഷങ്ങളിലേക്കുകൂടി ബാധകമാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാമാരിക്കാലത്ത് ലോക്ഡൗണും അനുബന്ധ പ്രശ്നങ്ങളും മൂലം പ്രവൃത്തികൾ യഥാസമയം ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയാത്ത നിലയിലായിരുന്നു എന്നതിനാലും, കഴിഞ്ഞ രണ്ട് വർഷത്തിനകം രൂപീകരിക്കപ്പെട്ട സംഘങ്ങൾക്ക് ആനുകൂല്യത്തിനുള്ള ഒരുകോടി രൂപ രേഖാപ്രകാരം തികയ്ക്കാനായിട്ടില്ല എന്നതിനാലും 2019-20, 2020-21 എന്നീ രണ്ടു വർഷങ്ങളിൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തികളുടെ മൊത്തം അടങ്കൽ തുകയുടെ പരിധി ഒരുകോടി രൂപയാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
കോർപ്പറേഷൻ മേയർമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ.എം. തിരുവനന്തപുരം
സഹകരണവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്